VOL 22 NO 3, JULY - SEPT 2021

# CHRISTOS HERALD

## CHRISTOS MAR THOMA CHURCH, KAKKANAD




*For the LORD God is a sun and shield; the LORD bestows favor and honor; no good thing does he withhold from those who walk uprightly.*

***- Psalm 84:11***



# Vicar's Message

# "എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ"

**Jn :20 :28**

കർത്താവിൽ പ്രിയരെ,

നമ്മുടെ കർത്താവിന്റെ ശരീരമാകുന്ന തിരുസഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മ സഭയുടെ കുടുംബങ്ങളിൽ ഒന്നായ ക്രിസ്റ്റോസ് മാർത്തോമ്മ ഇടവകയുടെ ശുശ്രൂഷയിലേക്ക് 2021 മെയ് 1 മുതൽ പ്രവേശിപ്പാനും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനും എന്നെയും കുടുംബത്തെയും അനുവദിച്ച ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നു. ക്രിസ്റ്റോസ് മാർത്തോമ്മ ഇടവക നൽകിയ ഹൃദ്യമായ സ്വാഗതത്തിനും ശുശ്രൂഷകളിൽ നൽകിവരുന്ന കൂട്ടായ്മയ്ക്കും സ്നേഹത്തിനും ഹൃദയംഗമായ നന്ദി അറിയിക്കുന്നു. ഇടവകയായി ജൂബിലി വർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ എല്ലാവരും ഒത്ത് ചേർന്ന് ഏകമനസ്സോടും, ഏകാത്മാവോടും കൂടെ ദൈവ രാജ്യത്തിന്റെ കെട്ടുപണിയിൽ പങ്കാളികളാകാം. നമ്മുടെ ഇടവകയുടെ ആരംഭം മുതൽ നമുക്ക് നേതൃത്വം നൽകിയ എല്ലാ പട്ടക്കാരെയും നന്ദിയോടെ ഓർക്കാം. കഴിഞ്ഞ നാല് സംവത്സരക്കാലം നമ്മുടെ ഇടവകയ്ക്ക് അനുഗ്രഹകരമായ ശുശ്രൂഷയും, സേവനവും നൽകിയ ബഹു. പി. ജെ. ജോൺ അച്ചനെയും, കുടുംബത്തെയും നന്ദിയോടെ ഓർത്ത് ദൈവത്തിനു സ്തോത്രം അർപ്പിക്കുന്നു. പുതിയ ശുശ്രൂഷാ രംഗത്ത് അനുഗ്രഹകരമായി പ്രവർത്തിക്കുവാൻ ദൈവം തമ്പുരാൻ തന്റെ പരിശുദ്ധാത്മാവിനാൽ അച്ചനെയും, കുടുംബത്തെയും ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

July 3rd, മാർത്തോമാ ശ്ലീഹ ദിനം (St. Thomas Apostle's Day) ആകുന്നുവല്ലോ. ഈ സംവത്സരത്തിലെ St. Thomas Day celebration വളരെ പ്രത്യേകതകൾ നിറഞ്ഞതാണ്. We commemorate 2000th Anniversary of the earthly ministry of our Lord and Saviour Jesus Christ. Imbibing His teaching and life, St. Thomas helped to shape and transform the Indian Christian Community and followers of Jesus Christ all over the world. "എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ" ( Jn :20 :28 ) എന്ന വിശ്വാസ പ്രഖ്യാപനത്തിലൂടെ ഉയർത്തെഴുന്നേറ്റ ക്രിസ്തു നാഥന്റെ പാദാരവിന്ദത്തിൽ തന്നെ സ്വയം സമർപ്പിച്ചു. പരിശുദ്ധാത്മ നിയോഗത്താൽ ഭാരത സുവിശേഷീകരണത്തിനായി രണ്ടു സഹസ്രാബ്ദ കാലത്തിനു മുമ്പ്, തന്റെ ഗുരുവും, നാഥനും, കർത്താവുമായ യേശുവിന്റെ സ്നേഹത്തെ പങ്കുവച്ചത് നാം നന്ദിയോടെ ഓർക്കുന്നു.

കാഴ്ചയ്ക്കു അപ്പുറമുള്ള വിശ്വാസത്തിന്റെ അനുഭവത്തിലേക്കാണ് വി. തോമസ് അപ്പോസ്തലൻ നമ്മെ നയിച്ചത്. Jn 20 :29 –ൽ യേശു തോമസ് അപ്പോസ്തലനോട് പറയുന്നത് – " നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ" എന്നത്രെ. രണ്ടായിരം വർഷങ്ങൾക്കപ്പുറം സംഭവിച്ച ക്രിസ്താനുഭവം യേശു ക്രിസ്തുവിലൂടെ ആരംഭം കുറിച്ച ദൈവത്തിന്റെ രക്ഷണ്യ പ്രവർത്തനം സഭ ഇന്നും വിശ്വാസ കണ്ണുകളിലൂടെ കാണുകയും – അഭംഗുരം തുടരുകയും ചെയ്യുന്നു. കേവലം കണ്മുമ്പിലെ കാഴ്ചകളെ വിശ്വസിക്കുന്നതിൽ നിന്നും അകക്കണ്ണിന്റെ

കാഴ്ചകളിലേക്ക് യാത്ര ചെയ്യുവാനുള്ള ക്രിസ്തുവിന്റെ ക്ഷണത്തെ അപ്പോസ്തലൻ സ്വീകരിച്ചതുപോലെ ക്രിസ്റ്റോസ് മാർത്തോമാ ഇടവകയിലെ അംഗങ്ങളായ നാം ഓരോരുത്തരും ആയിരിക്കുന്ന സമൂഹത്തിനു ദൈവ സ്നേഹത്തിന്റെയും, ക്രൂശിലൂടെയുള്ള വീണ്ടെടുപ്പിന്റെയും ചാലകങ്ങൾ ആകാം.

"എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നത് തോമസ് അപ്പോസ്തലന്റെ കാഴ്ചയുടെ പൂർണ്ണതയാണ്. അൽപവിശ്വാസത്തിന്റെ ഇരുണ്ട കാഴ്ചയിൽ നിന്നും വിശ്വാസത്തിന്റെ പൂർണ്ണ പ്രകാശത്തിലേക്കുള്ള യാത്രയായി നമ്മുടെ ജീവിതയാത്ര തീരട്ടെ. ആ വാക്കുകൾ ഒരു പ്രാർത്ഥന കൂടിയാണ്. ഇതിൽ ഒരു സമർപ്പിതന്റെ ഹൃദയമുണ്ട്. എല്ലാത്തിനും നിദാനമായ ദൈവവും, എല്ലാത്തിനും അധിപനായ കർത്താവും ആയവന്റെ മുമ്പിൽ തന്നെ തന്നെ സമർപ്പിക്കുന്നു എന്നതാണ് ഈ പ്രാർത്ഥനയുടെ പൊരുൾ. നമ്മളെയും ആത്മാർത്ഥമായി ദൈവത്തിനു മുമ്പാകെ സമർപ്പിക്കാം.

സമാനകളില്ലാത്ത വലിയ പ്രതിസന്ധിയുടെ കാലത്താണല്ലോ നാം ഇപ്പോൾ ആയിരിക്കുന്നത്. Covid മഹാമാരി പ്രപഞ്ചത്തിൽ വരുത്തിയ പ്രതിസന്ധികളും, മാറ്റങ്ങളും നാം അഭിമുഖീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുകയാണ്. മനുഷ്യൻ എത്ര നിസ്സാരൻ ആണെന്ന് നാം തിരിച്ചറിഞ്ഞിരിക്കുന്നു. ഈ ദുരന്തത്തെ കുറിച്ച് ഹാരൂൺ റഷീദ് (Haroon Rasheed) ഇങ്ങനെ എഴുതി. "നാം എല്ലാവരും ഒരു ലോകത്തിൽ ഉറങ്ങി, മറ്റൊരു ലോകത്തിൽ ഉണർന്നു. പെട്ടന്ന് ഡിസ്നി നഗരത്തിന്റെ ഇന്ദ്രജാലം ഇല്ലാതെയായി. പാരിസിന് കാല്പനികത നഷ്ടപ്പെട്ടു. ന്യൂയോർക്കിന് പിടിച്ചു നിൽക്കാൻ വയ്യെന്നായി. ചൈനയിലെ വന്മതിൽ മഹാ ദുർഗ്ഗമല്ലാതായി. മക്ക വിജനമായി. ആശ്ലേഷണങ്ങളും, ചുംബനങ്ങളും ആയുധങ്ങളായി മാറുന്നു. മാതാപിതാക്കന്മാരുടെയും, സുഹൃത്തുക്കളുടെയും വിരുന്നുവരവ് സ്നേഹപ്രകടനമല്ലാതാകുന്നു. സമ്പത്തിനും, സൗന്ദര്യത്തിനും, അധികാരത്തിനും വിലയില്ലാതാകുന്നു. നമുക്കിപ്പോൾ അത്യാവശ്യമായ പ്രാണവായു നല്കാൻ അവയ്ക്കൊന്നും കഴിയില്ലെന്നായിരിക്കുന്നു. ഭൂമി അപ്പോഴും ജീവിക്കുന്നു. മനോഹരിയായി തുടരുന്നു. മനുഷ്യനെ അവൾ കൂടുകളിൽ അടയ്ക്കുന്നു എന്നു മാത്രം." ഈ കാലഘട്ടത്തിൽ അർത്ഥവത്തായി ദൈവഹിതപ്രകാരം ജീവിക്കാൻ ദൈവം ശക്തി തരട്ടെ.

ആരാധനാലയങ്ങൾ പൂർണ്ണമായും തുറന്നു ആരാധനയും, കൂദാശകളും എല്ലാവരുടെയും പങ്കാളിത്തത്തോടെ തുടരുവാൻ ഇപ്പോൾ കഴിയുന്നില്ലല്ലോ. Virtual Media യിലൂടെ ഉള്ള കൂടിവരവുകളിൽ എല്ലാവരും പങ്കാളികളാവാൻ കഴിയുന്നത്ര ശ്രമിക്കണമേ. കർത്താവിന്റെ പ്രസാദ വർഷം എന്നർത്ഥമുള്ള ഈ ജൂബിലി വർഷത്തിൽ നമ്മുടെ ജീവിതത്തിനു ആകമാനമായ ഉണർവ്വും, പുതുക്കവും, അഭിഷിക്ത സമൂഹം (Christos - the anointed one) എന്ന നിലയിൽ നമ്മിലൂടെ നിർവഹിക്കപ്പെടുന്ന ശുശ്രൂഷകൾക്കായും, ദൗത്യങ്ങൾക്കായും നമ്മെത്തന്നെ സമർപ്പിക്കാം. പൗലോസ് അപ്പോസ്തലൻ കൊരിന്ത്യ സഭയോട് പറയുന്നത് "നാം എല്ലാവരും ക്രിസ്തുവിന്റെ കൂട്ടുവേലക്കാരാകുന്നു", എന്നത്രെ. ഈ നിയോഗം വ്യക്തമായി മനസിലാക്കികൊണ്ട് ഇടവകയായി ഒരു ആരാധനാ സമൂഹമായി നമുക്ക് മുന്നേറാം. ദൈവം നമ്മെ ശക്തീകരിച്ചു വഴി നടത്തട്ടെ.


എന്ന് കർത്തൃ ശുശ്രൂഷയിൽ

കാക്കനാട്
03-07-2021

നിങ്ങളുടെ
ജേക്കബ് വർഗീസ് അച്ചൻ




# Asst. Vicar's Message




The emergence of a new mutant form of the Corona virus and the delayed upgradation of the threat perception to a 'variant of concern' is worrying. The new variant has mutated in a way which suggests that it will limit the effectiveness of the vaccines. Large scale genomic sequencing has to be done quickly to ascertain the prevalence of this Delta variant so that vaccination can be stepped up & the possibility of further lockdowns weighing down our staggering economy is mitigated. The concern is that we always seem to be moving at a snail's pace when it comes to planning and combating this deadly pandemic.

However, it was some brave, committed and selfless individuals who stepped into create that support system for the people in need. Ordinary people showing extraordinary courage to put themselves in harm's way so as to alleviate distress. One such person is a Social Worker, Versha Verma- she transformed a moment of great personal loss into an opportunity to serve her city of Lucknow. She lost her friend to Covid in Mid-April and waited for 4 hours to receive her body. Drivers were charging about 10,000 to 15,000 rupees for a drive to the crematorium which was only 4 Km away. The next day, Ms Verma rented an Omni van and returned to the same hospital holding a placard that read. "Nishulk Shav Vahan"(Free Hearse). People seeing her initiative and her tireless service for over 13 hours a day, they decided to fund her initiative. Ms Verma used that money to employ 12 workers adding to her fleet 3 more vans & an ambulance. Such modern heroes all seem to be motivated by the deep sense of community, not by a want to profit. With every life they save or better, they give us a hope ensuring that we can



overcome every dark and uncertain times and bring a sense of peace & comfort into the lives of other people.



Though on a small scale, this is exactly what the COVID RELIEF RESOURCE CENTRE (CRRC) of the Christos Mar Thoma Church has been doing for the last few months. The youths and young families joined together to be part of the group named as the CHRISTOS COVID WARRIORS. These warriors took the effort to call the elder members of the Church in every prayer group and tried to find out if they need any kind of help or support during the Pandemic lockdown. The urgent need for vaccination was the one that some elders pointed out. Being alien to the online aspects of the vaccination registration, they were guided by our heroes to an available vaccination slot online. Then there were others who needed to be driven to the vaccination health centres. The young Covid Warriors used their own vehicles to drive them to the health centres, thus completing the needs of the elders in our parish to complete their vaccination needs.

A LIFE with faith in God is a journey undertaken with the hope of reaching the destination: "God who is our home", to quote William Wordsworth. Ups and downs are normal in this "arduous" journey, and it is through ups and downs that we grow in faith.



As members of Christ's body, reaching our hands out to those in need, we become aware of the healing we bring. This time of social distancing should remind us of the centrality and importance of personal connectivity in the community, a place where all are uniquely valued.

Scripture reveals that God's best work is often done in people who have distanced themselves from society for a period of time. Prophet Elijah found deep intimacy in a still small voice in his cave of loneliness (1 Kings 19:11-13). Jesus found the intimate fellowship with the Father during his 40 days' wilderness fasting (Mark 1:12-13). Could God be taking us away from all forms of distractions in order to bring us to a place of seclusion to hear God's voice once more? God's Presence is often hidden, a Presence that needs to be discovered.

Pope Francis said that this is "an opportunity to prepare for our collective future, a future for all without discarding anyone." Though participating in

Worship via internet or some form of social media is spiritually supportive in these days of anxiety, nothing can replace the healing balm of the Eucharist and the sacraments. Reflecting on the closed church doors and cancelled Worship, what has given us hope is the fact that it is impossible to close church as the people of God. Our faith goes beyond the walls of the church building, allowing us to build strength to support serenity, healthy relationships, and a better ability to bounce back when COVID-19 presses down hard.




We are the church — whether dispersed in the world, inside our homes or watching our services on livestream. My faith community brings me a sense of peace, even when we cannot worship together. Though our parish parking lot may be empty for months, we are still the living embodiment of the Gospel wherever we go. As we live through this let us draw inspiration from Paul: “For we know that all creation has been groaning as in the pains of childbirth right up to the present times” (Romans 8:22). By his cross and resurrection, Jesus will eventually restore our broken world for we believe God makes all things new (Revelation 21:5).

This pandemic presents our community of faith with an opportunity to witness how the Spirit works, no matter what else is falling apart around us. This is immensely comforting, a tremendous antidote to panic! Our faith invites us to respond to this pandemic in creative and unique ways, born of love, compassion and self-giving.

This is, however, a time to wait patiently for hope to spring from our life of “social distancing” and “self-isolation”. We need not retreat from our faith, even in the face of suffering in the manner of Job. Even if we turn away from God momentarily, we can return to God and re-establish our relationship with him. We come to terms with our difficulties in the belief that God cares for us despite the pandemic and its effects. In fact, we can take time in prayer to derive strength from God to bear the trials and tribulations of life, or, to use a Shakespearean phrase, “the slings and arrows of outrageous fortune”, and overcome them. God is our solace and succour. The Bible invites us to trust that, if God allows pain, He will give us the strength to go through it, and He will show us the way out of it.

As the Christos Mar Thoma Church in Kakkanad prepares themselves to celebrate their 25 years of existence, let us choose to expand our compassion and be bearers of hope in the midst of pain and suffering, with the apt theme for the Jubilee Celebration, ***“to be CHRISTOS of the Community”***. Only this way will we change this story of pain and suffering to be one of compassion and communion. Let us pray that God will help us to know His peace, comfort, and healing in the midst of the pandemic, or any other suffering that we may go through in life.

**Rev John Geevarghese**
Asst Vicar.

# From the Editor's Desk

**Alexander A.P**
Editor
+91 96339 78044

**കർത്താവിൽ പ്രിയരെ,**

**ഇടവകയായി നാം ഒരു ജൂബിലി വർഷത്തിലേക്കു പ്രവേശിച്ചിരിക്കുകയാണല്ലോ. കഴിഞ്ഞ 24 വർഷങ്ങൾ വളരെ അതിശയകരമായി ഈ ഇടവകയെ അനുഗ്രഹിച്ചു പരിപോഷിപ്പിച്ച വൻ കൃപയെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.**

**പഴയ നിയമത്തിൽ Jubilee Year എന്നത് ദൈവ ജനത്തിനു ലഭിച്ച ദൈവകൃപകൾ തങ്ങളുടെ സാമൂഹിക വ്യക്തിഗത ബന്ധങ്ങളിൽ നടപ്പിലാക്കേണ്ട അവസരമായി കരുതിയിരുന്നു. കടങ്ങൾ ഇളച്ചു കൊടുക്കുക, അടിമത്തങ്ങളിൽ നിന്ന് മോചനം നൽകുക, അവകാശങ്ങൾ (inheritances) പുനഃസ്ഥാപിക്കുക, മുതലായവ ജുബിലീ വർഷത്തിന്റെ പ്രത്യേകതകൾ ആയിരുന്നു. ആദിമ ക്രിസ്തീയ സഭയിലെ അംഗങ്ങൾ പരിശുദ്ധാത്മ ദാനം ലഭിച്ചു ദൈവ സ്നേഹത്താൽ നിറഞ്ഞു അന്യോന്യം കരുതുകയും ഒരുമനപ്പെട്ടു ദൈവത്തെ സ്തുതിക്കുകയും, ഹൃദയപരാമർത്ഥത പൂണ്ടു സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. നമ്മെ സംബന്ധിച്ചും സ്വഭാവ സംബന്ധമായും, അല്ലാതെയുമുള്ള എല്ലാവിധ ബന്ധങ്ങളിൽനിന്നുമുള്ള വിടുതലിന്റെയും, അന്യോന്യ കരുതലിന്റെയും, ഒരുമനപ്പെട്ടു ദൈവത്തെ സ്തുതിക്കുകയും, ഹൃദയ പരമാർത്ഥതയോടെ സകല ജനത്തിന്റെയും കൃപ വെളിപ്പെടുത്തുന്ന ഒരു അവസരമാക്കുവാൻ തമ്പുരാൻ ഇടനൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അതിന്റെ ഏറ്റവും അനുയോജ്യമായ ഒരു theme - ( Be a christos of the community ) ആണല്ലോ നാം തിരഞ്ഞെടുത്തിരിക്കുന്നത്. കഴിഞ്ഞ നാളുകളിൽ ദൈവനിയോഗപ്രകാരം ശ്രേഷ്ഠമായ നേതൃത്വം നൽകിയ എല്ലാ പ്രിയപ്പെട്ടവരെയും, വിശേഷാൽ ബഹുമാനപ്പെട്ട അച്ചന്മാരേയും ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.**

**ഈ പ്രാവശ്യവും digital ആയി Christos Herald ഇറക്കുവാൻ Editorial Board - ൽ നിന്നും ലഭിച്ച വിലപ്പെട്ട നിർദ്ദേശങ്ങൾക്കും, സഹായങ്ങൾക്കും നന്ദി പറയുന്നു. ഔദ്യോഗിക ചുമതല പ്രകാരം Editorial Board –ൽ നിന്നും വിരമിച്ച Shri. Prasad Mathew വിനോടുള്ള നന്ദിയും അറിയിക്കുന്നു. Secretary Shri. E.D. Mathew, AV Team leader, Shri. James George Chacko എന്നിവരെ Editorial Board ലേക്ക് വളരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. വളരെ തിരക്കുണ്ടായിട്ടും നിശ്ചിത സമയത്തു വേണ്ട materials തന്ന ബഹു. Jacob Verghese അച്ചനോടും ബഹു. John Geevarghese അച്ചനോടും നന്ദി അറിയിക്കുന്നു. Sunday School article തന്നു സഹായിച്ച Mr. John Thomas Sir, photos select ചെയ്തു സഹായിച്ച Mr. James George Chacko, വളരെ മനോഹരമായ Jubilee Cover Page design ചെയ്ത Mr. Joseph Kuruvilla എന്നിവരോടുമുള്ള നന്ദിയും അറിയിക്കുന്നു. ഈ ലക്കവും ഭംഗിയായി ഡിസൈൻ ചെയ്ത Gravity Creazione –നോടുള്ള നന്ദിയും അറിയിക്കുന്നു.**

**വരും ദിനങ്ങളിൽ സമൂഹത്തിൽ ക്രിസ്തുവിന്റെ അഭിഷക്തരായി ജീവിക്കാം. അത്യുന്നതൻ തുടർന്നും തന്റെ ചിറകിന്റെ തണലിൽ എല്ലാവരെയും അനുഗ്രഹമായി പരിപാലിക്കട്ടെ.**

**Christos Herald Editorial Board:** Rev. Jacob Verghese, Rev. John Geevarghese Achen, Mr. Alexander A P (Editor), Mr. E.D Mathew (Secretary), Mr. T S Varghese, Mr. James George Chacko, Ninan K Eapen, Mr. Joseph Kuruvilla

**“The year of Lord’s favor “ “യഹോവയുടെ പ്രസാദ വർഷം” യെശ : 61 : 2**

# ക്രിസ്റ്റോസ് മാർത്തോമ്മാ ചർച്ച്, കാക്കനാട്
# സിൽവർ ജുബിലി ആഘോഷം 2021-2022

**കർത്താവിൽ പ്രിയ ഇടവകാംഗങ്ങളെ ,**

**നമ്മുടെ ക്രിസ്റ്റോസ് മാർത്തോമ്മാ ഇടവക രൂപീകൃതമായിട്ടു 24 സംവത്സരങ്ങൾ പൂർത്തീകരിച്ചു 25-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ദൈവം നമ്മെ നടത്തിയ വിധങ്ങളെ ഓർക്കുന്നതിനും, നന്ദി അർപ്പിക്കുന്നതിനും, ഒരു ആരാധനാ സമൂഹമായി കർത്താവിന്റെ ഹിതം അറിഞ്ഞു തുടർന്നും ആരാധനയിൽ പങ്കുചേരുന്നതിനും, ശുശ്രൂഷകൾ നിർവഹിക്കുന്നതിനും, ദൈവരാജ്യത്തിന്റെ വ്യാപനത്തിലും, കെട്ടുപണിയിലും സമർപ്പണത്തോടെ പങ്കുചേരുന്നതിനും ഈ ജുബിലീ വർഷത്തിൽ നമുക്ക് ഇടയാകട്ടെ.**

**"ഇതാ സഹോദരങ്ങൾ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു." (Ps. 133 :1) സാഹോദര്യവും ഐക്യവും ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ സഭയുടെ ചെറിയ യൂണിറ്റായ ഇടവകയിലും അനുരഞ്ജനത്തിന്റെയും, സ്നേഹത്തിന്റെയും ക്രിസ്തീയ സാക്ഷ്യം പങ്കിടാൻ തുടർന്നും നമുക്ക് ഇടയാകട്ടെ. കൊരിന്ത്യ സഭയോട് പൗലോസ് പറയുന്നത് നാം ഈ ലോകത്തിൽ ക്രിസ്തുവിന്റെ സ്ഥാനാതിപതികളായി (2Cori:5:20) അനുരഞ്ജനത്തിന്റെ ദൂത്‌വാഹകരായി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നത്രെ.**

**വലിയ ഇടയനായ യേശുക്രിസ്തുവിന്റെ വകയായ - ഇടവകയിലെ - കുടുംബാംഗങ്ങളാകുന്ന നമുക്ക് ദൈവം തന്നിരിക്കുന്ന അനുഗ്രഹമാണ് ഈ ദേശത്തു ഒരു ആരാധനാ സമൂഹമായി നിലനിൽക്കുക എന്നത്. വലിയ ഇടയനായ ക്രിസ്തുവിനോടൊത്തു തുടർന്നും രക്ഷയുടെ ദൂത്‌വാഹകരാകാം, ജീവസാക്ഷികളാകാം.**

**ദേശത്തിനു പ്രകാശം പരത്തി, ചുറ്റുപാടുകൾക്ക് രുചിപകർന്നു, വേദനിക്കുന്നവർക്ക് ആശ്വാസവും, ദുഖിക്കുന്നവർക്കു സാന്ത്വനവും, രോഗികൾക്ക് സുഖവും പകർന്നുകൊടുക്കാം. Covid മഹാമാരിയുടെ - പ്രതിസന്ധിയുടെ ഈ കാലത്തു അന്യോന്യം കരങ്ങൾ നീട്ടി സ്നേഹത്തിന്റെയും, കരുതലിന്റെയും കരസ്പർശം പങ്കിടാം.**

**ജൂബിലി വർഷത്തിൽ നമ്മുടെ ഒരുമിച്ചുള്ള ധ്യാന ചിന്തകൾക്കും, പഠനത്തിനുമായി "Called to be Christos of the Community " എന്ന ചിന്താവിഷയം നാം തിരഞ്ഞെടുത്തിരിക്കുകയാണ്. (Christos means the Anointed one ). ഒരുവർഷം നീണ്ടുനിൽക്കുന്ന എല്ലാ ഒത്തുചേരലുകളുടെയും ഒരുമിച്ചുള്ള ചിന്തയ്ക്കും പഠനത്തിനും ഈ ചിന്താവിഷയം ആയിരിക്കും ആസ്പദമായിരിക്കുന്നത്. ജൂബിലീ വർഷത്തിൽ നമുക്ക് ഇടവകയിലൂടെയുള്ള സാക്ഷ്യനിർവഹണത്തിനായി മൂന്നു വ്യത്യസ്ത ദൗത്യങ്ങൾ ആണ് ഏറ്റെടുത്തു നിർവഹിക്കുവാൻ ആഗ്രഹിച്ചു പ്രാർത്ഥനാപൂർവ്വം ക്രമീകരണങ്ങൾ ചെയ്യുന്നത്.**

1. **Home for Homeless project -** ഭവന ദാന പദ്ധതി – പാർക്കുവാൻ സ്വന്തമായി ഭവനം ഇല്ലാത്ത ഇടവകാംഗങ്ങൾക്കു വേണ്ടി.
2. **Palliative Care Programme** സാന്ത്വന പരിചരണ ശുശ്രൂഷകൾ – മാരകമായ രോഗങ്ങളാൽ ജീവിതം വഴിമുട്ടിയവർക്ക് ആവശ്യമായ പരിചരണവും, സാന്ത്വനവും കൈത്താങ്ങലുകളും നൽകുന്ന ശുശ്രൂഷ.
3. **Mission field involvement and support:** കോട്ടയം – കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെടുന്ന ഒരു മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി തീർന്ന് ആത്മീകവും, ഭൗതീകവുമായുള്ള ആവശ്യങ്ങളിൽ നേതൃത്വവും, കൈത്താങ്ങലും നൽകുക.

ഈ ദൗത്യങ്ങൾക്കെല്ലാം ആവശ്യമായ ധനം സമാഹരിക്കേണ്ടതുണ്ട്. ഒരു സിൽവർ ജൂബിലി സ്മരണിക പ്രസിദ്ധീകരിക്കുന്നതിലൂടെയും, ഓരോ ഇടവകാംഗവും July 2021 മുതൽ സമർപ്പിക്കുന്ന ദശാംശം (Tithe), ഏകദിന വരുമാന സമർപ്പണം ( One day income offering ), ആദ്യഫല ശേഖരണം (Harvest festival ) മുതലായവയിലൂടെ സമാഹരിക്കുന്ന തുകയും, മറ്റു സംഭാവനകളിൽ കൂടിയും ഈ സാമ്പത്തിക വർഷം ലഭിക്കുന്ന തുക ജൂബിലീ പദ്ധതികൾക്കായി പ്രയോജനപ്പെടുത്തുവാൻ ഇടവകയായി നാം തീരുമാനം ചെയ്തിരിക്കുകയാണല്ലോ. Christos കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും പ്രാർത്ഥനാ നിർഭരമായ പങ്കാളിത്തവും, ഉദാരമായ സംഭാവനകളും നൽകി ഈ പദ്ധതികളുടെ നടത്തിപ്പിനായി പ്രവർത്തിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു .

ജൂബിലീ വർഷം – കർത്താവിന്റെ പ്രസാദവർഷമായിട്ടാണ് ദൈവവചനത്തിലൂടെ നമ്മെ ഓർമപ്പെടുത്തുന്നത്. ഇടവകയിലെ ഓരോ അംഗവും, എല്ലാ കുടുംബങ്ങളും യേശുകർത്താവുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ പരിപൂർണ്ണമായി സമർപ്പിക്കുവാനും, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പുതുക്കം പ്രാപിച്ചു സാക്ഷ്യത്തിനായി നമ്മെ വിശേഷപ്പെടുത്തുവാനും ഇടയായിത്തീരട്ടെ.

കർത്താവായ യേശു മിശിഹായുടെ അനുഗ്രഹവും, ആശീർവാദവും നമ്മിലും നമ്മിലൂടെ മറ്റുള്ളവരിലും നിറയപ്പെടുവാൻ മുഖാന്തരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന് കർത്തൃ ശുശ്രൂഷയിൽ
നിങ്ങളുടെ
ജേക്കബ് വർഗ്ഗീസ് അച്ചൻ

## Marriage



Aji V Thomas weds Greeshma Raj

*May the Lord's blessings guard and guide you all the way!*



Sam E S weds Jency M

# Christos of the Community

Christos means the "anointed one." In Romans 1:1 it says " God called me to be an apostle and chose me to tell the good news" The meaning of our church's name is derived from this thought. Each and every member of this church needs to understand the purpose of our selection to be a member of this parish. 25 years ago, a group of people from Palarivattom Sharon MT church thought that a presence of our community is essential in Kakkanad area to cater for the Mar Thoma believers living here. We were well known for our unity and zealous spiritual appetite. At that time, it was not intended to grow to the level we are now. Slowly and steadily the parish became one of the formidable forces in the Ernakulam area. Now if we look back we can easily realize that the church here was built on God's plan. Otherwise, a church building to cater for some 100 families would have been sufficient. Today, the church can accommodate around 800 worshippers. Was it not God's plan?

God's plan was not to build a large structure of concrete building but to build the body of Christ in the community. Are we part of this or are we only a group of people interested in membership of a social set up? Over the years we have achieved a lot in terms of prosperity. But we need to rethink the status in terms of the meaning of "Christos". Slowly we are being poisoned by unwanted elements and it is essential for us to purify on a regular basis. We must concentrate of regaining the lost grounds by way of steady Bible study and prayer fellowships. We need to be aware of what is making us unclean in our spiritual life and weed out all that is unfit for a Christian witnessing.

Our Sunday School is on "ONLINE" classes since 2020 beginning. The attendance of our children is excellent. We were able to conduct Mid-Term examination and annual examination, even Birudu exam through ZOOM platform. This year also we plan to follow the exam patterns as we had done in 2020. July 3rd week or 4th week, we will have our Midterm Exams. I take this opportunity to thank our former vicar Rev. P. J. John and our assistant vicar Rev John Geevarghese in guiding us through the difficult time in 2020-21. Our new vicar Rev. Jacob Verghese is very keen in Sunday School activities and my sincere thanks to Achans for their continued support for the Sunday School. Our teachers are conducting the individual classes regularly and their efforts are praise worthy.

**In Romans 1:1 it says " God called me to be an apostle and chose me to tell the good news" The meaning of our church's name is derived from this thought.**

**John Thomas**
Sunday School, HM.

LIVE STREAMING
**Live streaming Worship at 8 AM on all Sundays**
www.youtube.com/CMTCKakkanad
(Subscribe our *YouTube* channel and get the updates)

# MONTHLY SCHEDULE FOR THE WEEKLY MEETINGS OF THE CHRISTOS MAR THOMA CHURCH KAKKANAD

## AREA PRAYER MEETINGS - 7.30pm

| DAY | AREA |
|---|---|
| Monday | Alappat - NGO - Mavelipuram - Thrikkakara |
| Tuesday | Chittethukara -Kakkanad - Smart City |
| Wednesday | Chembumukku - Padamugal - Satellite - Vazhakkala |

## EDAVAKA MISSION MEETINGS

**7.30pm** on the 1st and 3rd Thursday of the Month

## SEVIKA SANGAM MEETING

**7.30pm** on the 2nd and 4th Friday of the Month

## YOUTH MEETINGS

**The New Youth meeting schedule is as follows: 4:30 pm every Month**

1st Sunday: Know Your Bible With Reuben

2nd Sunday: Discussion / Debate / Bible Quiz led by our friends

3rd Sunday: An Evening with our Chaplain - Rev Rona Korah

4th Sunday: Prayer Warriors with Praise & Worship

5th Sunday: Talent Day / Cottage Meeting

## YOUNG COUPLES FELLOWSHIP

**7.30pm** of the 4th Sunday of every Month

## SUNDAY SCHOOL

After Service, Sunday School General Session at **10.00am** every Sunday

## HOLY COMMUNION SERVICE

Every Sunday at **8.00am**

## CHRISTOS FAMILY PRAYER TIME

Every day at **7.30pm**

## CHAIN PRAYER

**6.00am** to **6.00pm** of the 1st Tuesday of every month

## PAIN PALLIATIVE VISIT

Last week of every Month

## COMMON PRAYER

**7.30pm** on every 1st Sunday

## INTERCESSORY PRAYER

**7.30pm** on 1st and 3rd Friday



First Holy Communion by the new Vicar - Rev. Jacob Verghese







P J John Achen's farewell by the various organisations






Late. Commodore P C Andrews was honoured by the Indian Navy while commemorating 50th year of 1971 war with Pakistan. Indian Navy personnels handed over a flame and plaque on 02-07-2021 to his daughter Mrs. Ivy Varghese and son-in-law Cmndr. T M Varghese (Suresh). He was a founding member, two times Vice President of our Parish and Chairman of the Church Building Construction committee.

## FOR SPECIAL ATTENTION

CHRISTOS MAR THOMA PARISH, Kakkanad
New bank account number:

**Christos Mar Thoma Church, AC. No.84530100005347**
**Bank of Baroda Kakkanad, IFS Code-BARB0VJTHRK.**

**Red Item in the IFSC Code is number Zero an not the letter 'O'**

After making the payment, to effect the posting in your favour, please send the details (message/WhatsApp/email: christoskakkanad@gmail.com) of the amount, your name, prayer group or Family ID NUMBER, details of payment to each head (subscription/ offertory/wedding anniversary offertory/others) to the appended numbers.
Thomas Mathew: 8281086890/Mr. Binu Mathai: 9447319858
Please transfer in NEFT mode so that the payee's name will appear in the bank statement

**Scan And Pay**

**GPay linked Account No**
84530100007822

**UPI payment id:**
cmtckakkanad@barodampay



Our parish sponsored one day's meals to families under quarantine (around 70 families - 175 persons) at Thuthiyoor area

**CHAIN PRAYER**

**On all Monthly first Tuesdays from 6 AM to 6 PM**
**Contact Persons: Alexander A P (9633978044)**
**or Prasad Mathew (9446094932)**

# Obituary



**Mrs. Aleyamma Abraham (70)**
W/o Mr. Abraham Mathew (Abey)
Thekkottil House
Flat - C; Block - 1
Mottus Burrows, Rajagiri Vally P.O
Kakkanad

Kakkanad Prayer Group

## ആരാധന - വേദവായന ഭാഗങ്ങൾ (Lectionary)

| Date | | Lessons | Epistle \| Gospel |
|---|---|---|---|
| 4-07-21 | ദശാംശ സമർപ്പണ ഞായർ | 1 ദിന 29 : 1 – 9<br>അ.പ്ര 5 : 1 – 11 | ഫിലി 4 :10 –20<br>ലൂക്കോ 19 : 11 – 26 |
| 11-07-21 | വൈദികർ: ക്രിസ്താനു കരണത്തിനായി വിളിക്കപ്പെട്ടവർ | മലാ 1 : 6 –14<br>2 തിമോ 2 : 1 –13 | ഗലാ 6 : 11 – 18<br>യോഹ 21 : 15 –19 |
| 18-07-21 | സാക്ഷ്യത്തിനായി ഒരുക്കപ്പെടേണ്ട ദൈവ ജനം | ആവ 6 : 1 – 12<br>എഫേ 5 : 1 – 21 | റോമ 13 :11 –14<br>മത്താ 5 : 13 –16 |
| 25-07-21 | പൊതു പ്രയോജനത്തിനായി നൽകപ്പെട്ട പരിശുദ്ധാത്മ വരങ്ങൾ – മാർ യാക്കോബ് ശ്ലീഹ ദിനം | പുറ 36 : 1 –7<br>എമേ : 4 : 7 –13 | 1 കോരി 12 : 1 – 11<br>യോഹ 20 : 19 –23 |
| 01-08-21 | മിഷൻ സൺഡേ: ദൈവിക ദൗത്യത്തിൽ പങ്കുചേരൽ – 15 നോമ്പ് ആരംഭം | പുറ 3 : 1 –14<br>അ.പ്ര 11 : 19 –26 | 2 കോരി 11 : 16 –31<br>ലൂക്കോ 10: 1 –12 |
| 08-08-21 | യേശു ക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും | യെശ 40 : 10 –23<br>ഫിലി 2 : 1 – 11 | എബ്രാ 12 :1 – 13<br>യോഹ 17 :1 –8 |
| 15-08-21 | നവീകരണ ഞായർ – നവീകരിക്കപ്പെട്ടു കൊണ്ടിരിക്കേണ്ട സഭ. ഭാരത സ്വാതന്ത്ര്യ ദിനം | 2 രാജ 23 : 1 – 6<br>വെളി 3 : 14 –22 | അ.പ്ര 2 :37 – 42<br>മത്താ 13 : 1 –9 |
| 22-08-21 | ദൈവശാസ്ത്ര അഭ്യസനം വിശ്വാസ ദൃഢീകരണത്തിനായി | 1 രാജ 18 : 17 – 40<br>അ.പ്ര 8: 26–40 | 2 തെസ്സ 1 : 1 – 12<br>യോഹ 12: 20 –26 |
| 29-08-21 | മാമോദീസ – ക്രിസ്തുവിന്റെ മരണത്തോടും പുനരുദ്ധാനത്തോടുമുള്ള അനുരൂപപ്പെടൽ | ഉല്പ 7 : 11 –14<br>1 പത്രോ 3 : 17 –22 | റോമ 6 : 1 – 14<br>യോഹ 3 : 1 –8 |
| 05-09-21 | വിദ്യാഭാസ ദിനം | സദൃ 4 : 1 –9<br>1 കൊരി 1 :25 –31 | ഫിലി 4 : 4 – 9<br>യോഹ 13 : 12 – 17 |
| 12-09-21 | സേവികാ സംഘ ദിനം | രൂത്ത് 4 : 9 – 22<br>അ.പ്ര. 12 : 11 – 16 | റോമ 16 : 1 – 16<br>മാർക്കോ 14 : 3 – 9 |
| 19-09-21 | സീനിയർ സിറ്റിസൺ ഞായറാഴ്ച്ച | ഉല്പ 48 : 1 – 22<br>2 കൊരി 4 : 7 –18 | 2 തിമോ 4 : 1 – 8<br>ലൂക്കൊ 2 : 25 – 38 |
| 26-09-21 | വി. കുർബാന – സ്തോത്രാർപ്പണത്തിന്റെ കൂദാശ | പുറ 12 : 21 –28<br>അ.പ്ര 2 : 37 –47 | 1 കൊരി 11 :23 –30<br>ലൂക്കോ 22 : 14 – 20 |

## New Members

**Mrs. Annie Alexander & Family**

Mullathanathu,
#1154, Sattelite Township
Third Avenue,
Padamugal, Kakkanad
PIN : 682030

## Baptism

**Nia Elizabeth Kurian**
D/o Mr. Kurian Ninan
Mrs. Anjana Mariam
Kanichukattu House
Near Veegaland, Thengode
PIN: 682030
FID - 3 -C

**Yohan Daniel John**
S/o Julian Daniel John
Mrs. (Dr) Kunjumary John
Thylkarayil House
Palachuvadu, Padamugal
Kakkanad
FID - 234-A



*Welcome to the fellowship of Christos Family*



Relief work at Chellanam area badly affected by cyclone. Our Young Families and Youth could provide 10000 sanitary napkins, large number of household items, covid relief kits, masks and a smart phone costing ₹13000 to a needy girl student.

## Jubilee Committee

**Office Bearers**

Rev. Jacob Verghese ,
Rev John Gheevarghese
Mr John Thomas (Josh), Mr Thomas K Mathew, Mr. Binu Mathai, Mr E D Mathew

Mr. Abey Sam.(General Convenor)
Mr. John Thomas (Noel),
Mr.Mammen Jacob.,
Dr. Sam Kadammanitta,
Mrs. Remani Johnson.

## Sub Committees

**Finance Committee:**

Mr.Jacob Varghese (Convenor)
Mr.John Thomas (Noel )
Mr. Mammen Jacob
Mr Biji V Samuel
Mr.P.T.Philip
Mr.Shaji Zacharia
Mrs Remani Johnson

**Souvenir Committee:**

Dr. Sam Kadammanitta (Convenor)
Mr. M.C.Abraham
Mr. Samuel Thomas
Mr. T.S Varghese
Mr. Ninan.K.Eapen
Mr. Pradeep Thomas
Mr. Joseph Kuruvilla
Mr. Bejoy Thomas
Mrs. Shyja Reji

**Programme Committee:**

Mr. Reuben Johnson (Convenor)
Adv. Prasad Mathew
Mr. James George Chacko
Mr. K M Thomas
Mr. Anoop John
Mr. Sam Mathew (Reji)
Mr. Shobi Mathew
Mrs. Ammal Samuel
Mrs. Omana Jacob
Mrs. Usha Thomas
Mrs. Jisha George
Mrs. Seena Annie Binu
Mrs. Susan Jacob( Asha)
Mrs. Sunitha Deena Jacob
Mr. Sherin Reji

# CHRISTOS MARTHOMA CHURCH

Kakkanad, Kochi -682 030

## Committee Members: 2021-2022

| | | | |
|---|---|---|---|
| 1. | **President/ Vicar** | Rev. P.J. John (Till April 30, 2021) | |
| | | Rev. Jacob Verghese (From 1st May 2021) | 2428661, 9446328661 |
| 2. | **Asst. Vicar** | Rev. John Geevarghese | 7012629937 |
| 3. | **Vice President** | Mr. John Thomas (Josh) | 2106068, 9947214131 |
| 4. | **Secretary** | Mr. E.D. Mathew | 2421226, 9446688172 |
| 5. | **Trustee (Finance)** | Mr. Thomas K Mathew | 8281086890 |
| 6. | **Trustee (Accounts)** | Mr. P. Kunju Mathews (Till 19-06-2021) | 9895311623 |
| | | Mr. Binu Mathai (From 24th June, 2021) | 9447319858 |
| 7. | **Lay Leaders** | 1. Mr. Shaji Zachariah | 9447819730 |
| | | 2. Mr. Mathews. P. Varghese | 9746624101 |
| 8. | **Mandalam Member** (2020-23) | 1. Mr. Abey Sam | 9446664433 |
| 9 | **Assembly Members** (2020-2023) | 1. Mr. K.M. Thomas | 9447105880 |
| | | 2. Mr. Sam Mathew (Reji) | 8589888996 |
| 10 | **Area Representatives** | | |
| | 1. Alappatt Nagar | Mr. Binu Mathai | 9447319858 |
| | 2. Chembumukku | Mrs. Ammal Samuel | 2422104, 9495820622 |
| | 3 Chittethukara (a) | Dr. Sam David | 9605050609 |
| | 4. Chittethukara (b) | Dr. Samuel Varghese | 9495033855 |
| | 5 Kakkanad (a) | Mr. Naiju Nelson | 9037387617 |
| | 6. Kakkanad(b) | Mr. Mathew George | 9633563515 |
| | 7. Mavelipuram | Mr. Manoj Thomas | 9249402215 |
| | 8. NGO Qtrs | Mrs. Aleyamma John | 2422574, 9544131304 |
| | 9. Padamughal | Mr. Liju Varghese | 9744856856 |
| | 10. Satellite | Mr. Jacob Varghese | 2426343, 9995324974 |
| | 11. Smart City (a) | Mr. Ninan K Eapen | 2982439, 9447142439 |
| | 12. Smart City (b) | Mr. Reuben Oommen | 9866231330 |
| | 13. Thrikkakkara | Mr. John Mathew | 2410031, 9895588115 |
| | 14. Vazhakkala | Mrs. Remani Johnson | 2422446, 9447488446 |
| 11. | **Yuvajanasakhyam** | Mr. Mathew Phillip | 9847980604 |
| 12. | **Sunday School** | Mrs. Usha Thomas | 9447165830 |
| 13. | **Sevika Sangham** | Mrs. Shyja Reji | 7736906469 |
| 14. | **Edvaka Mission** | Adv. Prasad Mathew | 9446094932 |
| 15. | **Choir** | Mrs. Sunitha Deena Jacob | 9496216996 |
| 16 | **Senior Citizen Fellowship** | Mr. T S Varghese | 2423904, 9447723904 |
| 17 | **Retired Achens** | 1. Rev. Mathew Varghese | 2424713, 9447965033 |
| | | 2. Rev. John John | 6580351, 9895109082 |
| | | 3. Rev. Abraham Thomas | 9446189924 |
| | | 4. Rev. Varghese M Easow | 9495880165 |
| **Auditors** | | 1. Mr. Rajan Samuel | 9895652209 |
| | | 2. Mr. Soonu Mathews | 9995787818 |
| **External Auditor** | | Sri. Sunil Chandy Eapen | 9447095008 |

## Wishing You a Graceful Silver Jubilee Year to be "Christos of the Community"

25TH ANNIVERSARY
CHRISTOS OF THE COMMUNITY
CHRISTOS MAR THOMA CHURCH, KAKKANAD

## OUR PROJECTS



Providing a Home for the homeless from our Parish



Pain & Palliative Ministry for the Community



Caring & Supporting a Diocesan Mission Field

Published by E. D. Mathew, Secretary, Christos Mar Thoma Church, Kakkanad.
Mob +91 9446688172. Published at Kochi.